**സബ്മിഷൻ**

(1) കൊച്ചി മെട്രോ രണ്ടാംഘട്ട പ്രവൃത്തി

ശ്രീമതി ഉമ തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാനിവിടെ സബ്മിഷനിലൂടെ ചൂണ്ടിക്കാണിക്കുന്നത്. മെട്രോയുടെ രണ്ടാംഘട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട് പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെ നിർമ്മാണം ആരംഭിച്ചിരിക്കുകയാണ്. ഏതാണ്ട് രണ്ട് വർഷം നീണ്ടുനിൽക്കുമെന്ന് കരുതുന്ന ഈ രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചത് മുതൽ എന്റെ നിയോജകമണ്ഡലത്തിലും അയൽ മണ്ഡലങ്ങളിലും രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. മെട്രോയുടെ ഒന്നാംഘട്ട പ്രവർത്തനം നടന്നപ്പോൾ അതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി 258 കോടി രൂപ മുടക്കി നാല് പാലങ്ങളും ബി.എം.&ബി.സി. ലെവലിനെക്കാൾ മികച്ച രീതിയിൽ 22 റോഡുകളും നവീകരിച്ച് നൽകുകയുണ്ടായി. മുന്നൊരുക്ക പ്രവർത്തനങ്ങൾ ചെയ്തതിന് ശേഷംമാത്രമെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂവെന്ന് മെട്രോ എം.ഡി.

അവിടെയുള്ള ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് നടത്തിയ ഒരു മീറ്റിങ്ങിൽ പറഞ്ഞെങ്കിലും അതിൽനിന്നും വിരുദ്ധമായി അവിടെ മെട്രോയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഒരു മുന്നൊരുക്ക പ്രവർത്തനങ്ങളും അവിടെ ചെയ്തിട്ടില്ല. മെട്രോയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ പൂർത്തീകരണത്തോടുകൂടിയാണ് ഏറ്റവുമധികം വരുമാനം പ്രതീക്ഷിക്കുന്നത്. കാരണം ഈ മെട്രോയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ ഇൻഫോപാർക്കിലേക്കുംമറ്റും പോകുന്ന ഒട്ടനവധിപേർക്ക് ഏറ്റവും സഹായകമാകുന്ന രീതിയിൽ യാത്ര ചെയ്യാൻ കഴിയും. അത്തരത്തിൽ ഏറ്റവും കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്ന അവിടെ ഒരു മുന്നൊരുക്ക പ്രവർത്തനംപോലും ചെയ്തിട്ടില്ലെന്നത് വലിയ ഖേദകരമായ കാര്യമാണ്. മുന്നൊരുക്ക പ്രവർത്തനം നടത്താതെ ഈ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നത് അനുവദിക്കാൻ സാധിക്കില്ലെന്ന് വിവിധ രാഷ്ട്രീയ കക്ഷികളും റസിഡൻസ് അസോസിയേഷന്റെ സംഘടനകളും മർച്ചന്റ് അസോസിയേഷൻ ഭാരവാഹികളും തൃക്കാക്കര ഡെവലപ്മെന്റ് ഫോറം പ്രതിനിധികളും മോട്ടോർ തൊഴിലാളി യൂണിയനുകളുമൊക്കെ ചേർന്ന്

നടത്തിയ ഒരു യോഗത്തിൽ ഐകകണ്ഠ്യേന തീരുമാനമെടുത്തിട്ടുണ്ട്. വളരെയധികം കഷ്ടപാടാണ് അവിടെ അനുഭവിക്കുന്നത്. കുട്ടികൾക്ക് സമയത്തിന് സ്കൂളുകളിലെത്താൻ കഴിയുന്നില്ല, ജീവനക്കാർക്ക് സമയത്തിന് പഞ്ച് ചെയ്യാൻ കഴിയുന്നില്ല. എന്തിനേറെ പറയുന്നു, രാവിലെ മുതൽ വൈകുന്നേരം വരെ ഇലക്ട്രിസിറ്റി ഓഫ് ചെയ്യുന്നതിനാൽ ഫ്രിഡ്ജുകളിൽ സൂക്ഷിക്കുന്ന രോഗികളുടെ മരുന്നുകൾപോലും കേടായിക്കൊണ്ടിരിക്കുകയാണ്.

എന്തായാലും ഇതിനെതിരെ നടപടി സ്വീകരിക്കേണ്ടതുണ്ട്. വികസനം ആവശ്യമാണ് പക്ഷെ ജനങ്ങളുടെ വഴിമുടക്കികൊണ്ടാകരുത് എന്ന പ്രതിഷേധംകൂടി ഉയർത്തിക്കൊണ്ട് ഇതിനെതിരെ ഉത്തരവാദിത്വപ്പെട്ടവർ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പാലാരിവട്ടം മുതൽ കാക്കനാടുവരെയുള്ള കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണപ്രവൃത്തിയിൽ ഗതാഗതക്കുരുക്ക് ഉണ്ടാകാനിടയുള്ള മേഖലയെ മൂന്ന്

സെക്ഷനുകളായി തിരിച്ച് സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥന്മാരെ വിന്യസിച്ചും ബൈക്ക് പട്രോളിംഗ്, മൊബൈൽ പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയും ട്രാഫിക് വാർഡന്മാരെ നിയോഗിച്ചും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം നടക്കുന്ന ഭാഗത്തെ റോഡിന്റെ വീതിയുടെ 5 മീറ്റർ, ഗതാഗതത്തിനായി നീക്കിയശേഷം മാത്രമേ ബാരിക്കേഡ് സ്ഥാപിക്കാവൂ എന്ന നിർദേശം മെട്രോ അധികൃതർക്കും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പരമാവധി സമാന്തരറോഡുകൾ ഉപയോഗിക്കണമെന്ന അറിയിപ്പ് പൊതുജനങ്ങൾക്കും നൽകിയിട്ടുണ്ട്.

(2) <u>കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് ജില്ലയിലെ നൂൽപ്പുഴ, പൂതാടി, നെന്മേനി, തിരുനെല്ലി എന്നീ പഞ്ചായത്തുകളിൽ വനാന്തരങ്ങളിൽ ഒന്നും രണ്ടും ലോകമഹായുദ്ധകാലത്ത് ഗ്രോ മോർ ഫുഡ് പദ്ധതിപ്രകാരം ഭക്ഷ്യധാന്യം ഉൽപാദിപ്പിക്കുന്നതിനുവേണ്ടി നിരവധിയാളുകളെ/കുടുംബങ്ങളെ ഉൾവനങ്ങളിൽ കുടിയിരുത്തിയിരുന്നു. ഇപ്രകാരമുള്ള ആയിരത്തിഇരുന്നൂറോളം

കുടുംബങ്ങൾക്ക് ലീസായാണ് ഭൂമികൊടുത്തത്; ഇത് കയ്യേറ്റഭൂമിയല്ല. 2004 വരെ ഇവർ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ലീസ് പുതുക്കി പാട്ടത്തുക അടച്ചുവരികയായിരുന്നു. എന്നാൽ 2004 മുതൽ അത് നിർത്തലാക്കിയതോടെ, പ്രസ്തുത സ്ഥലങ്ങൾ വനത്തിനകത്തായതിനാൽ വന്യമൃഗ ആക്രമണങ്ങളാൽ മരണപ്പെട്ടവർക്കും അപകടം പറ്റിക്കിടക്കുന്നവർക്കും ഗവൺമെന്റിന്റെ വിവിധ സബ്സിഡികളും കൃഷി വകുപ്പിന്റെ സബ്സിഡികളും ലഭിക്കാതെ, കൃഷി ചെയ്യാനോ വീട് നിർമ്മിക്കാനോ കഴിയാത്ത സാഹചര്യങ്ങളും വൈദ്യുതി, റോഡ് എന്നിവയൊന്നുമില്ലാതെയും മുന്നോട്ടുപോകുകയാണ്. മാത്രവുമല്ല; നിരവധി പട്ടികവർഗ കുടുംബങ്ങളുമുണ്ട്. ഈ കാര്യങ്ങൾ വ്യക്തമായി അറിയുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട മന്ത്രി. ഇതുമായി ബന്ധപ്പെട്ട് അവിടെയൊരു സമിതി രൂപീകരിക്കുകയും ആ സമിതി ഏതാനും മാസങ്ങൾക്കുമുമ്പ് മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ഒരു സമിതിയെ നിയോഗിച്ചപ്പോൾ സമിതി ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുകയുണ്ടായി.

ഈ പഞ്ചായത്തുകളിൽ വനാന്തരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുമായി ബന്ധപ്പെട്ട് ബ്രിട്ടീഷുകാരുടെ കാലത്താണ് അവിടെ ഇവരെയൊക്കെ കുടിയിരുത്തിയത്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ ഭാഗമായി ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് അയച്ചിട്ടുണ്ട്. കൂടാതെ ഒരു കത്തും തയ്യാറാക്കി വച്ചിട്ടുണ്ട്. അത് ഇപ്പോൾ അദ്ദേഹത്തിന് സമർപ്പിക്കും. മാത്രവുമല്ല; ആയിരത്തി ഇരുന്നൂറോളം കുടുംബങ്ങൾ ഇന്ന് വളരെയധികം പ്രയാസപ്പെടുകയാണ്. ഇടുക്കിപോലുള്ള ജില്ലകളെടുത്ത് പരിശോധിച്ചാൽ, അവിടെയെല്ലാം ലീസ് കർഷകർക്ക് പട്ടയം കൊടുത്തിട്ടുണ്ട്. ആദ്യം വേണ്ടത് ഇവിടെ ലീസ് തുക പുനഃസ്ഥാപിക്കുന്നതിന് നടപടിയുണ്ടാക്കണം. അവർക്ക് ഗവൺമെന്റിൽനിന്നും വിവിധ ഡിപ്പാർട്ട്മെന്റുകളിൽനിന്നും കോമ്പൻസേഷനുൾപ്പെടെയുള്ള സബ്സിഡി തുകകൾ വാങ്ങുന്നതിനുള്ള നടപടിയാണുണ്ടാകേണ്ടത്. കൂടാതെ കഴിഞ്ഞ 3-ാം തീയതി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കളക്ടേറ്റിൽ ഒരു യോഗം ചേരുകയും ആ യോഗത്തിന്റെ ഭാഗമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് ആരാണ് ലീസ് തടസ്സപ്പെടുത്തിയതെന്ന് വ്യക്തതയില്ലാത്തതിനാൽ ഒരു സമഗ്രമായ റിപ്പോർട്ടുകൂടി ഗവൺമെന്റിലേയ്ക്ക്

സമർപ്പിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും വനം-വന്യജീവി വകുപ്പുമന്ത്രിയും ഈ പ്രദേശങ്ങൾ ഒരുമിച്ച് സന്ദർശിക്കേണ്ടതുണ്ട്. അത് കയ്യേറിയതല്ല; വർഷങ്ങൾക്കുമുമ്പ് ബ്രിട്ടീഷുകാരുടെ കാലത്ത് കുടിയിരുത്തിയതായതിനാൽ സർക്കാർ ഇടപെട്ട് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമെന്നനിലയ്ക്ക് ആദ്യം അവരുടെ ലീസെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഇതിലൂടെ മാത്രമേ അവർക്ക് മറ്റ് ധനസഹായങ്ങൾ ലഭിക്കുകയുള്ളൂ. കൂടാതെ 2004-ന് അപ്പുറത്തുള്ള സ്റ്റാറ്റസ്കോ നിലനിർത്താനും ഇത്തരം കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വയനാട് ജില്ലയിലെ വനത്തിനുള്ളിൽ നൂൽപ്പുഴ, നെന്മേനി, പൂതാടി, തിരുനെല്ലി പഞ്ചായത്തുകളിലായി കുടിയിരുത്തിയിരുന്ന 1200-ഓളം കുടുംബങ്ങൾക്ക് പട്ടയമടക്കമുള്ള രേഖകളും മറ്റാനുകൂല്യങ്ങളും അവകാശങ്ങളും ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ഗൗരവപൂർണ്ണമായിത്തന്നെയാണ് കാണുന്നത്. ഈ സ്ഥലങ്ങൾ

ഞങ്ങൾക്കെല്ലാവർക്കും നല്ലപോലെ അറിയാവുന്നതാണ്. രണ്ടാം ലോക മഹായുദ്ധകാലത്തെ അതിരൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി നടപ്പാക്കിയ ഗ്രോ മോർ ഫുഡ് പദ്ധതിയുടെ ഭാഗമായി 1882-ലെ മദ്രാസ് ഫോറസ്റ്റ് ആക്റ്റുപ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ലീസ് വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതിനാണ് വനഭൂമി പാട്ടത്തിന് അനുവദിച്ചിരുന്നത്. കൃഷിയാവശ്യത്തിന് മാത്രമാണ് വനഭൂമി ഇത്തരത്തിൽ വിട്ടുനൽകിയിരുന്നത്. ഇത്തരം പാട്ടഭൂമിയിൽ പാട്ടക്കാരന് ക്രയവിക്രയാവകാശമില്ലാത്തതും മറ്റാർക്കും പിന്തുടർച്ചാവകാശമില്ലാത്തതുമാണ്. സുൽത്താൻബത്തേരി ഡിവിഷനുകീഴിൽ വയനാട് വന്യജീവി സങ്കേതത്തിലെ എടത്തന, കല്ലൂർ, കാട്ടിക്കുളം, കദ്രക്കോട്, കുപ്പാടി, കുറിച്യാട്, മാവിൻഹള്ള, നെൻമിനിയാട്, നൂൽപ്പുഴ, രാംകുറിഞ്ഞി റിസർവുകളിൽപ്പെട്ട 385.8963 ഹെക്ടർ ഭൂമിയാണ് ഗ്രോ മോർ ഫുഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിന് നൽകിയിരുന്നത്. പ്രസ്തുതഭൂമിയിൽ 2023 കാലഘട്ടംവരെ പാട്ടം പുതുക്കി നൽകിയിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമികൾ വയനാട് വൈൽഡ് ലൈഫ് ഡിവിഷന്റെ മാനേജ്മെന്റ്

പ്ലാനിലുൾപ്പെട്ടതും റവന്യൂ റെക്കാർഡുകളിൽ വനഭൂമിയെന്ന് പരാമർശിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. ഇത്തരത്തിൽ വനഭൂമി പാട്ടവ്യവസ്ഥയിൽ ലഭിച്ച് ഇപ്പോഴും കൈവശംവച്ചുപോരുന്ന കർഷകരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും വനം-റവന്യൂ വകുപ്പുകളുടെ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതും വിവരശേഖരണം നടന്നുവരുന്നതുമാണ്. വിവരശേഖരണം പൂർത്തിയായാൽമാത്രമേ കൈവശക്കാരുടെ കൈവശവിസ്തീർണ്ണത്തിന്റെ പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

1882-ലെ മദ്രാസ് ഫോറസ്റ്റ് ആക്ടിൽ സെക്ഷൻ 21 പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കിക്കൊണ്ട് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾപ്രകാരമാണ് കാർഷികവിളകൾ കൃഷിചെയ്യുന്നതിന് കർഷകർക്ക് പെർമിറ്റ്/ഗ്രാന്റ് അനുവദിച്ചിരുന്നത്. പെർമിറ്റ് 2023-24 വരെ കർഷകർക്ക് പുതുക്കി നൽകിയിരുന്നതും ഫീസ് തുക വനം വകുപ്പ് 2023-24 വരെ കർഷകരിൽനിന്നും ഈടാക്കിയിട്ടുള്ളതും വനം വകുപ്പ് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ അതിർത്തി നിർണ്ണയിച്ചിട്ടില്ലാത്തതുമാണ്. ഫോറസ്റ്റ്

ലീസ് ഭൂമികൾ മൈനസ് സർക്യൂട്ടായി സർവെ ചെയ്തിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ കൈവശങ്ങൾക്ക് പ്രത്യേകമായി റീസർവെ സബ്ഡിവിഷനുകളില്ല. സുൽത്താൻബത്തേരി താലൂക്കിലെ നൂൽപ്പുഴ, കിടങ്ങനാട്, പുൽപ്പള്ളി, നടവയൽ വില്ലേജുകളിലായുള്ള 723 കൈവശഭൂമികളും മേൽപ്പറഞ്ഞ ഭൂമിയിലുൾപ്പെട്ടുവരുന്നതാണ്. മാനന്തവാടി താലൂക്കിലെ 115-ഓളം കുടുംബങ്ങൾ തിരുനെല്ലി വില്ലേജിലെ സർവെ നം. 402, 450 എന്നിവയിലുൾപ്പെട്ട ഭൂമിയിലും തൃശ്ശിലേരി വില്ലേജിൽ സർവെ നം. 568-ൽ ഉൾപ്പെട്ട ഭൂമിയിലും ഫോറസ്റ്റ് ലീസ് ഭൂമിയിൽ കൃഷി ചെയ്തും കൈവശം വച്ചും താമസിച്ചുവരുന്നു. ഈ താലൂക്ക് പരിധിയിലെ ഫോറസ്റ്റ് ലീസ് ഭൂമികളുടെ വിവരശേഖരണ നടപടികൾ പൂർത്തിയായിട്ടില്ല. ഈ വിഷയത്തിൽ വനം വകുപ്പിനുമാത്രമായി ഒരു തീരുമാനം കൈക്കൊള്ളാനുള്ള പ്രയാസവുമുണ്ട്. പ്രസ്തുത ഭൂമി, രണ്ടാം ലോകമഹായുദ്ധകാലത്ത് അതിരൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി നൽകിയിട്ടുള്ളതും 1996 ഡിസംബർ 12-നുമുമ്പ് വനേതരാവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ആ വിഷയം സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റി മുമ്പാകെ ഹാജരാക്കി നടപടികൾ

സ്വീകരിക്കുന്നതാണ്. ഞങ്ങൾക്ക് ആ ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ അറിയാമെങ്കിലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപ്രകാരം പ്രത്യേകമായി ഒരു പരിഗണന നടത്തിക്കൊണ്ട് പരിശോധിക്കാൻ വനം-റവന്യൂ-പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുമന്ത്രിമാർ പങ്കെടുക്കുന്ന ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗത്തിൽ ബഹുമാനപ്പെട്ട അംഗത്തെക്കൂടി പങ്കാളിയാക്കിക്കൊണ്ട് കൂടിച്ചേരാവുന്നതുമാണ്. സാധാരണക്കാരായ കർഷകരോട് പ്രത്യേകിച്ച് ആദിവാസി മേഖലയിൽപ്പെടുന്നവരോടുമുള്ള സർക്കാരിന്റെ വിധേയത്വവും അതിനനുസൃതമായിട്ടുള്ള നടപടിയും അങ്ങേയ്ക്ക് അറിയാവുന്നതിനാൽ ആ വിധത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് അംഗത്തെ ഒരിക്കൽക്കൂടി അറിയിക്കുകയാണ്.

(3) <u>കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാരത്തുക</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അങ്കമാലി മുതൽ കുണ്ടന്നൂർ വരെയുള്ള നിർദ്ദിഷ്ട ദേശീയപാത 544-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കുന്നത് സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ നിരവധി ആശങ്കകൾ നിലനിൽക്കുകയാണ്. ഈ പദ്ധതിയെ ഞങ്ങളെല്ലാം പൂർണ്ണമായും സ്വാഗതം

ചെയ്യുന്നു. പക്ഷേ ഇത് നടപ്പാക്കുമ്പോൾ ആലുവ, കുന്നത്തുനാട്, കണയന്നൂർ എന്നീ മൂന്ന് താലൂക്കുകളിലെ ഏകദേശം 17 വില്ലേജുകളിലെ ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. അതുസംബന്ധിച്ച് ഗവൺമെന്റ് 445/2024 പ്രകാരം ജി.ഒ. പുറപ്പെടുവിച്ചതായി അറിഞ്ഞു. പ്രസ്തുത ജി. ഒ. പ്രകാരം കെട്ടിടങ്ങളുടെയും വീടുകളുടെയും വില നിർണ്ണയിക്കുമ്പോൾ അതിന്റെ കാലപ്പഴക്കം കണക്കാക്കണമെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. എൻ.എച്ച്. 66-നോടൊപ്പം പാലക്കാട് എൻ.എച്ച് 966-ന്റെ സ്ഥലമേറ്റെടുത്തപ്പോൾ ഇത്തരത്തിലുള്ള യാതൊരു നിബന്ധനകളും കൊണ്ടുവന്നിരുന്നില്ല. ആ രണ്ട് ഹൈവേകളുടെ ഭൂമി ഏറ്റെടുത്തപ്പോൾ ഇല്ലാത്ത നിബന്ധനകൾ അങ്കമാലി-കുണ്ടന്നൂരിലെ ഹൈവേയ്ക്കുവേണ്ടി സ്ഥലമേറ്റെടുക്കുമ്പോൾ കൊണ്ടുവരുന്നത് ന്യായീകരിക്കാൻ കഴിയുന്നതല്ല. ഈ ഭൂമി ഏറ്റെടുക്കുമ്പോൾ മാർക്കറ്റ് വില നൽകാനുള്ള നടപടിയുണ്ടാകുന്നതോടൊപ്പം അവിടെയുള്ള കെട്ടിടങ്ങളുടെയും വീടുകളുടെയും കാലപ്പഴക്കം കണക്കാക്കാതെ വില നിർണ്ണയിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കൂടാതെ, ഈ ഭൂമി ഏറ്റെടുക്കുമ്പോൾ ചില സ്ഥലങ്ങളിൽ

അവസാനം എടുക്കാൻ കഴിയാതെ ഒരു ഭാഗം ബാക്കിയായി പോകുന്നത് ഒരു പ്രയോജനവുമില്ലാതെ പോകും. ധാരാളം സ്ഥലങ്ങളിൽ അപ്രകാരമുള്ളതിനാൽ അതുണ്ടാകാത്ത നിലയിൽ ഭൂമി പൂർണ്ണമായും ഏറ്റെടുക്കാനുള്ള നടപടിയുണ്ടാകണം. ഇനി അപ്രകാരം ഏറ്റെടുക്കാൻ കഴിയാതെപോകുന്ന സ്ഥലങ്ങളുണ്ടെങ്കിൽ ആ ഭൂവുടമയ്ക്ക് അവിടെ കെട്ടിടം പണിയാനുള്ള നിബന്ധനകളിൽ ഇളവ് നൽകുന്നതിനുള്ള നടപടിയുണ്ടാകണം. ഭൂമിയേറ്റെടുക്കുന്ന ഭാഗത്തെ ജനങ്ങളെ സംബന്ധിച്ച് വലിയ ആശങ്ക ഇക്കാര്യത്തിലുള്ളതിനാലാണ് ഈ വിഷയങ്ങൾ അവതരിപ്പിക്കുന്നത്. ഭൂമി വിട്ടുകൊടുക്കുന്നതിൽ അവർ എതിരല്ല; അവർ അതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. പക്ഷേ ന്യായമായി അവർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കാനുള്ള നടപടിയുണ്ടാകണം. ഇത്തരത്തിൽ ഒരു ജി.ഒ. ഗവൺമെന്റ് ഇറക്കിയിട്ടുണ്ടെങ്കിൽ അതിനകത്ത് ആവശ്യമായ ഭേദഗതികൾ വരുത്തി കാലപ്പഴക്കം നിർണ്ണയിക്കാതെ കെട്ടിടങ്ങൾക്ക് മാർക്കറ്റ് വില നൽകാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് ദേശീയ പാതകളുടെ വികസനം സാധ്യമാക്കുന്നതിന് രാജ്യത്തെ മറ്റേതൊരു സംസ്ഥാന സർക്കാരുകളെക്കാളും ഉത്തരവാദിത്വവും സാമ്പത്തിക ബാധ്യതയും ഏറ്റെടുത്ത സർക്കാരാണ് കേരളത്തിലെ ഇടതുമുന്നണി സർക്കാർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇച്ഛാശക്തിയോടെ നടത്തിയ ഇടപെടലുകളുടെ ഭാഗമായി കേരളം ദേശീയപാതാ വികസനം സാധ്യമാക്കുകയാണ്. ദേശീയപാത 66-ന്റെ വികസനത്തിനായി 5,580 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായി കേന്ദ്രത്തിന് നൽകിക്കഴിഞ്ഞു. ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കുകയെന്ന നിശ്ചയദാർഢ്യത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം ചെലവ് കേരളം വഹിക്കാൻ സമ്മതിക്കുകയായിരുന്നു. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിന് 1629.24 കോടിരൂപയാണ് സംസ്ഥാനം ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നത്. എൻ.എച്ച്-544-ലെ എറണാകുളം ബൈപ്പാസിന് 424 കോടി രൂപയുടെയും കൊല്ലം-ചെങ്കോട്ട

ഗ്രീൻഫീൽഡ് പാതയ്ക്ക് 317.35 കോടി രൂപയുടെയും സാമ്പത്തികബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്തു. 8,000 കോടിയോളം രൂപ കേരളത്തിലെ ദേശീയപാതാ വികസനത്തിനായി സംസ്ഥാന സർക്കാർ വഹിക്കുകയാണ്. രാജ്യത്ത് മറ്റൊരു സംസ്ഥാനവും ഇത്രയേറെ സാമ്പത്തിക ബാധ്യത ദേശീയപാതാ വികസനത്തിനായി വഹിക്കുന്നില്ല. ഈ നാടിന്റെ വികസനം സാധ്യമാക്കാൻ ഇച്ഛാശക്തിയോടുകൂടി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ്. ഇതിൽ ദേശീയപാത 544-ലെ എറണാകുളം ബൈപ്പാസിന്റെ നിർമ്മാണത്തിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. 1956-ലെ എൻ.എച്ച്. ആക്റ്റ് പ്രകാരമാണ് ദേശീയപാതാ നിർമ്മാണത്തിനുള്ള ഭൂമി ദേശീയപാതാ അതോറിറ്റി ഏറ്റെടുക്കുന്നത്. ഏറ്റെടുത്ത ഭൂമിക്കുള്ള നഷ്ടപരിഹാര നിർണ്ണയം നടത്തുന്നത് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ ഷെഡ്യൂൾ I, II പ്രകാരമാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂഉടമകളുടെ ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിന് ഹിയറിംഗ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം ആശങ്കകൾ പരിഹരിച്ചതിനുശേഷം മാത്രമേ ത്രീഡി നോട്ടിഫിക്കേഷൻ

പുറപ്പെട്ടുവിക്കുകയുള്ളൂവെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള ദേശീയപാതാ പ്രവൃത്തികൾ അവലോകനം ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കൃത്യമായ ഇടവേളകളിൽ ഉന്നതതല യോഗങ്ങൾ ചേരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ദേശീയപാതാ പ്രവൃത്തികളെ സംബന്ധിച്ചും ആ യോഗത്തിൽ പരിശോധന നടത്താറുണ്ട്. നിലവിലുള്ള ദേശീയപാതാ പദ്ധതികളുടെ ഭൂമിയേറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഇടപെടൽ സർക്കാർ നടത്തുന്നതാണ്.

(4) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി-തുരങ്കപാത

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാന സർക്കാരിന്റെ ഡ്രീം പ്രോജക്ടുകളിലൊന്നാണ് ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി-തുരങ്കപാത. 2020-ലാണ് ഈ പദ്ധതി ബജറ്റിലൂടെ പ്രഖ്യാപിക്കുന്നത്. 2021-22-ൽ 2,043 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി പ്രസ്തുത പദ്ധതിക്ക് ലഭ്യമായി. മൈസൂർ-ബാംഗ്ലൂർ യാത്ര എളുപ്പമാക്കുകയും ചരക്കുനീക്കം വളരെ വേഗത്തിലാക്കുകയും അതോടൊപ്പം വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 2,043 കോടി രൂപ

പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചത്. പദ്ധതിയുടെ എസ്.പി.വി.-ആയി കൊങ്കൺ റെയിൽ കോർപ്പറേഷനെ തുടർന്ന് പദ്ധതി ഏൽപ്പിക്കുകയും ഒരു വർഷം നീണ്ടുനിന്ന സാമൂഹ്യാഘാത പഠനം നടത്തി കോഴിക്കോട്-വയനാട് ജില്ലകളിലെ കളക്ട്രേറ്റുകളിൽ പൊതുതാൽപര്യത്തിനുവേണ്ടിയുള്ള പബ്ലിക് ഹിയറിംഗ് നടത്തി പദ്ധതി ടെൻഡർ നടപടികളിലേയ്ക്ക് കടക്കുകയാണ് ചെയ്തത്. പദ്ധതി ടെൻഡർ നടപടികളിലേയ്ക്ക് കടക്കുന്നതിനുമുന്നോടിയായി പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് ടെൻഡർ നടപടികൾ പൂർത്തീകരിച്ചാണ് പദ്ധതിയിലേയ്ക്ക് കടന്നത്. ആഗോള ടെൻഡറിലൂടെ രണ്ട് ഘട്ടങ്ങളിലായി പാലവും അപ്രോച്ച് റോഡും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് റോയൽ ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനി ആ കരാർ ഏറ്റെടുക്കുകയും ട്വിൻ ട്യൂബ് ടണൽ, ദിലീപ് ബിൽഡ്കോൺ എന്ന കമ്പനി പ്രസ്തുത കരാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഇതിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്ന ഘട്ടത്തിലേയ്ക്ക് ഈ പദ്ധതി മുന്നോട്ടുനീങ്ങിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് എന്ന നിലയിൽ ഈ പദ്ധതി നടക്കുന്ന പ്രദേശത്തേയ്ക്ക് തിരുവമ്പാടി മുതൽ മറിപ്പുഴ വരെയുള്ള റോഡ് സംസ്ഥാന പാതയായി, സ്റ്റേറ്റ്

ഹൈവേ 83 ആയി ഡിക്ലെയർ ചെയ്യുകയും അതോടൊപ്പം പ്രസ്തുത റോഡ് നവീകരിക്കുന്നതിനുവേണ്ടി 108 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു. റോഡിന്റെ വീതി കൂട്ടിയുള്ള 108 കോടി രൂപയുടെ ആധുനികവൽക്കരണം അതിവേഗത്തിൽ നടന്നുവരികയാണ്. ടെൻഡർ നടപടികൾ പൂർണ്ണമായും പൂർത്തീകരിച്ച പദ്ധതി ഇപ്പോൾ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നതാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ ഇവിടെ ഉന്നയിക്കുന്നൊരു കാര്യം. സ്റ്റേറ്റ് എൺവയോൺമെന്റ് ക്ലിയറൻസും ഫൈനൽ ഇ.സി., സ്റ്റേറ്റ് എൺവയോൺമെന്റ് ക്ലിയറൻസും ലഭ്യമാകാത്തതിന്റെ ഭാഗമായാണ് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്. ഈ പദ്ധതിയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഈ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി ഉണ്ടോയെന്നും അങ്ങനെയാണെങ്കിൽ ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഏതെല്ലാം തരത്തിലുള്ള ഇടപെടലുകളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കുന്നതെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർവഹണ ഏജൻസി കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡാണ്. പദ്ധതിക്ക് 2043.75 കോടി രൂപയുടെ ഭരണാനുമതിയും 2134.50 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 17.263 ഹെക്ടർ വനഭൂമി ഏറ്റെടുക്കുന്നതിനായുള്ള വനം വകുപ്പിന്റെ സ്റ്റേജ്-I ക്ലിയറൻസ് 31-03-2023-ന് ലഭ്യമായിട്ടുണ്ട്. സ്റ്റേജ്-II ക്ലിയറൻസിനായി 17.263 ഹെക്ടർ സ്വകാര്യ ഭൂമി വനഭൂമിയായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ പോക്കുവരവ് സർട്ടിഫിക്കറ്റ് റവന്യൂ വകുപ്പിൽ ലഭിച്ചത് വയനാട് ഡി.എഫ്.ഒ.-യ്ക്ക് നൽകി പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി കോഴിക്കോട് ജില്ലയിലെ 8.0525 ഹെക്ടർ സ്വകാര്യ ഭൂമിയും വയനാട് ജില്ലയിലെ 8.1225 ഹെക്ടർ സ്വകാര്യ ഭൂമിയും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ്

(കെ.ആർ.സി.എൽ)-ന് കൈമാറി. കോഴിക്കോട് ജില്ലയിൽ 1.8545 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിക്കായി ആകെ ഏറ്റെടുക്കേണ്ടതിന്റെ 90 ശതമാനം ഭൂമിയും നിലവിൽ ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിക്ക് അന്തിമ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നിലവിൽ സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ടണൽ പാതയുടെ പ്രവൃത്തി രണ്ട് പാക്കേജുകളിലായി എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ മോഡലിൽ ടെൻഡർ ചെയ്തിട്ടുണ്ട്. പാലവും അപ്രോച്ച് റോഡും ഒന്നാമത്തെ പാക്കേജിലും ടണൽ പാതാ നിർമ്മാണം രണ്ടാമത്തെ പാക്കേജിലും ഉൾപ്പെടുത്തിയിരിക്കുന്നു. പാക്കേജ് I-ന്റെ ഫിനാൻഷ്യൽ ബിഡ് 8-07-2024-നും പാക്കേജ് II-ന്റെ ഫിനാൻഷ്യൽ ബിഡ് 4-09-2024-നും തുറന്നിട്ടുണ്ട്. അന്തിമ പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (5) അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം

ശ്രീ. വി. ശശി: സർ, കേരളത്തിൽ വിവിധ സ്കൂളുകളിൽ പഠിക്കുന്ന കായിക പ്രതിഭകളെ കണ്ടെത്തുകയും അവർക്ക് ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുകയും ചെയ്യുകയെന്നതാണ് സ്പോർട്സ് സ്കൂളുകളുടെ ലക്ഷ്യം. അതോടൊപ്പം മെച്ചപ്പെട്ട പൊതുവിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുന്നു. ഈ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അഞ്ച് സ്കൂളുകളിൽ പട്ടികജാതി വികസനവകുപ്പിന്റെ നിയന്ത്രണത്തിൽ 2002 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു സ്പോർട്സ് സ്കൂളാണ് അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കൻഡറി സ്കൂൾ. ഈ സ്പോർട്സ് സ്കൂളിൽ അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ 120 പെൺകുട്ടികളും 120 ആൺകുട്ടികളും പഠിച്ചുവരുന്നു. ഇതുൾപ്പെടെയുള്ള എല്ലാ സ്പോർട്സ് സ്കൂളുകളുടെയും കുറവുകൾ പരിഹരിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ഒരു സമീപനരേഖ എൻ.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ആർ. കെ. ജയപ്രകാശിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. സർക്കാർ അംഗീകരിക്കുന്ന അതിലെ

നിർദേശങ്ങൾ എത്രയുവേഗം ഈ സ്കൂളിലും നടപ്പാക്കുമെന്ന് ഞാൻ കരുതുന്നു. അതിനുമുമ്പായി അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിൽ അടിയന്തരമായി ചെയ്യേണ്ട ഒന്നുരണ്ടു കാര്യങ്ങൾ ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിവിധ ജില്ലകളിൽനിന്നും തീർത്തും അപരിചിതമായ സാഹചര്യത്തിലേയ്ക്ക് എത്തിച്ചേരുന്ന അവിടുത്തെ കുട്ടികൾക്ക് എല്ലാ രീതിയിലുമുള്ള സുരക്ഷിതത്വവും സംരക്ഷണവും പഴുതുകളില്ലാത്തവിധം ഉറപ്പാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. അതോടൊപ്പം ഈ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ സജ്ജമാക്കിയിട്ടുള്ള ക്വാർട്ടേഴ്സുകളിൽ വിദ്യാർഥികളുടെ സംരക്ഷണത്തിന്റെ ചുമതലകൂടി ഏറ്റെടുത്തുകൊണ്ട് പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ, മറ്റ് അധ്യാപകർ അവിടെ താമസിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. ഈ രണ്ട് കാര്യങ്ങളും അടിയന്തരമായി വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷനിലൂടെ ശ്രമിക്കുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ, തിരുവനന്തപുരം

ജില്ലയിലെ വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ വിഭാഗം വിദ്യാർത്ഥികളുടെ കായികാഭിരുചി മെച്ചപ്പെടുത്തി മികച്ച വിദ്യാഭ്യാസത്തോടൊപ്പം കായികപരിശീലനവും നൽകി അവരെ മികച്ച കായികതാരങ്ങളായി വാർത്തെടുക്കുകയെന്നതാണ് സ്കൂളിന്റെ പ്രവർത്തന ലക്ഷ്യം. പ്രസ്തുത സ്കൂളിലെ കായികാധ്യാപക നിയമനങ്ങൾ ഉൾപ്പെടെയുള്ള അക്കാദമിക് പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പും ഭരണ നിർവഹണം പട്ടികജാതി വികസന വകുപ്പുമാണ് നിർവഹിച്ചുവരുന്നത്. വെള്ളായണി ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ അധ്യാപക നിയമനം സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് 22-03-2017-ലെ 769/2017 ഉത്തരവുപ്രകാരം വ്യക്തമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികൾ ഇന്റർവ്യൂ നടത്തിയാണ് അധ്യാപകരെ തിരഞ്ഞെടുക്കുന്നത്. ക്വാർട്ടേഴ്സ് സൗകര്യമുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അധ്യാപകർ അവിടെ താമസിക്കുന്നുണ്ടെന്നും രാത്രികാലങ്ങളിൽ വിദ്യാർത്ഥികളുടെ പഠനത്തിന് മേൽനോട്ടം വഹിക്കുന്നുണ്ടെന്നും ക്വാർട്ടേഴ്സ് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ

രണ്ടുവീതം അധ്യാപകർ സ്കൂൾ ഹോസ്റ്റലിൽ താമസിച്ച് വിദ്യാർഥികളുടെ പഠനത്തിന് മേൽനോട്ടം വഹിക്കുന്നുണ്ടെന്നും പട്ടികജാതി വികസന ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണെന്നും നിയമിക്കപ്പെടുന്ന അധ്യാപകരുടെ സേവനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി വികസന ഡയറക്ടർ നിർദേശിക്കുന്നപക്ഷം ടി അധ്യാപകരെ തൽസ്ഥാനത്തുനിന്ന് നീക്കംചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായി മൂന്ന് വർഷക്കാലം സേവനം അനുഷ്ഠിക്കണമെന്നും സ്കൂളുകളോടനുബന്ധിച്ചുള്ള ക്വാർട്ടേഴ്സുകളിൽ താമസിച്ച് അധ്യാപനം നടത്തണമെന്നുമുള്ള കർശനനിർദേശത്തോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ അധ്യാപക നിയമനം നടത്തിയിട്ടുള്ളത്. എന്നാൽ നിലവിൽ ഈ സ്കൂളിൽ ജോലി ചെയ്തുവന്നിരുന്ന അധ്യാപകർ സ്കൂൾ ക്യാമ്പസിലെ ക്വാർട്ടേഴ്സുകളിൽ രാത്രികാലങ്ങളിൽ താമസിക്കാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിദ്യാർഥികളുടെ പഠനപ്രവർത്തനങ്ങളിൽ പോരായ്മയുള്ളതായി ചൂണ്ടിക്കാട്ടി

പട്ടികജാതി വികസന വകുപ്പിൽനിന്നും അധ്യാപകർക്ക് കർശനനിർദേശം നൽകുകയും ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത അറ്റകുറ്റപ്പണികൾ തൃപ്തികരമല്ലെന്ന് ചൂണ്ടിക്കാട്ടി ടി ക്വാർട്ടേഴ്സുകളിൽ അധ്യാപക ജീവനക്കാർ താമസിക്കാൻ തയ്യാറാകാത്ത സ്ഥിതി യുണ്ടായതിനെത്തുടർന്ന് പ്രസ്തുത അധ്യാപകർക്കെതിരെ നടപടിക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ട് നൽകുകയും ടി അധ്യാപകരെ പ്രസ്തുത സ്കൂളിൽനിന്നും സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ നിബന്ധന ലംഘിക്കുന്ന അധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ ക്ഷേമ നിയമസഭാ സമിതി സ്കൂൾ സന്ദർശിച്ച വേളയിൽ അധ്യാപകർക്ക് താമസിക്കുന്നതിന് ക്വാർട്ടേഴ്സ് സൗകര്യം അടിയന്തരമായി ഒരുക്കണമെന്ന് നിർദേശിച്ചതിനെത്തുടർന്ന് അതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതുസംബന്ധിച്ച് പൂർത്തിയാക്കിയ അധ്യാപകർക്കുള്ള ക്വാർട്ടേഴ്സ് സ്കൂളിലെ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്. ഫുട് ബോൾ, ജൂഡോ തുടങ്ങിയ കായിക ഇനങ്ങളിൽ ഇതിനകംതന്നെ ദേശീയ അംഗീകാരങ്ങൾ നേടിയിട്ടുള്ള

ഈ സ്കൂളിലെ കുട്ടികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള സ്പോട്സ് സയൻസുമായി ബന്ധപ്പെട്ട സിലബസും അടുത്ത അധ്യയന വർഷം മുതൽ നടപ്പാക്കുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കുറച്ച് പ്രശ്നങ്ങൾ ഈ സ്ഥാപനത്തിൽ നിലനിൽക്കുന്നുവെന്നത് മന്ത്രിയെന്ന നിലയിൽ നേരിട്ട് സന്ദർശിച്ചപ്പോൾ എനിക്കും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആ കാര്യങ്ങൾകൂടി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(6) <u>തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം നവീകരണം</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. മലപ്പുറം ജില്ലയിലെ കളിസ്ഥലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും വലുപ്പത്തിൽ രണ്ടാം സ്ഥാനവുമുള്ള ഒരു കളിസ്ഥലമാണ് തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം. ഇതിന്റെ പ്രത്യേകത നഗരഹൃദയത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒരു പുഴയോരത്താണിത് ഇത് സ്ഥിതി ചെയ്യുന്നത്. ഈ നാട്ടിലെ മതിപ്പുവിലയനുസരിച്ച് 500 കോടി

രൂപയുടെയെങ്കിലും വിലയുള്ള സ്ഥലമാണിത്. പഴയകാലത്ത് കളിസ്ഥലത്തിനുവേണ്ടി അനുവദിച്ച കിട്ടിയതാണ്. അതിന്റെ നവീകരണത്തിനുവേണ്ടി പത്ത് കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചെങ്കിലും ടി.എസ്. നൽകി വർക്ക് ആരംഭിക്കാനുള്ള സംവിധാനങ്ങൾ ഇന്നുവരെയുമുണ്ടായിട്ടില്ല. അവിടെ ചില തർക്കങ്ങളുണ്ടായി. MoU-മായി ബന്ധപ്പെട്ട് നേരത്തെയുള്ള എൽ.ഡി.എഫ്. മുനിസിപ്പാലിറ്റി ഭരണസമിതിയിലുണ്ടായ തീരുമാനമനുസരിച്ച് അത് അംഗീകരിക്കാൻ പ്രയാസമാണെന്ന് പറയുകയും ആ തർക്കം ഇപ്പോഴും മാറി വന്ന യു.ഡി.എഫ്. ഭരണസമിതിയും അതുപോലെ അംഗീകരിക്കുകയാണ് ചെയ്തത്. MoU-വിലുള്ള വ്യവസ്ഥകളിലൊന്ന് ഇതിന്റെ ഉടമസ്ഥാവകാശം സ്പോർട്സ് കൗൺസിലിനായിരിക്കുമെന്നാണ്. രണ്ടാമതായി മുനിസിപ്പാലിറ്റിക്ക് അവിടെ എന്തെങ്കിലും ആവശ്യം വന്നാൽ 15 ദിവസത്തിനുമുമ്പ് നോട്ടീസ് നൽകി സ്പോർട്സ് കൗൺസിലിൽനിന്നും അനുമതി വാങ്ങി വേണം ഉപയോഗിക്കാൻ എന്നൊരു പരാമർശവുമുണ്ട്. ഈ രണ്ട് കാര്യങ്ങൾകൊണ്ടുള്ള തർക്കമാണ് പഴയ ഭരണസമിതിയും മാറി വന്ന നിലവിലുള്ള യു.ഡി.എഫ്-ന്റെ

ഭരണസമിതിയും ആ വ്യവസ്ഥകൾ അംഗീകരിക്കാൻ സാധിക്കില്ലെന്ന തീരുമാനത്തിൽ എത്തിച്ചേർന്നിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടന്നിരുന്നു. ഞാൻ പതിനഞ്ചോളം തവണ ബഹുമാനപ്പെട്ട മന്ത്രിയുമായി ഇക്കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. ഞങ്ങൾക്ക് രണ്ട് കൂട്ടർക്കും ആവശ്യമുള്ള ഞങ്ങളുടെ നാട്ടിലെ പ്രധാന കളിസ്ഥലമാണ് രാജീവ് ഗാന്ധി മെമ്മോറിയൽ സ്റ്റേഡിയം. അതുമായി ബന്ധപ്പെട്ട് 2021-ന് തിരൂർ ടി.ബി.-യിൽ യോഗം ചേരുകയും അതിനുശേഷം മന്ത്രിയുടെ ചേംബറിൽ പ്രത്യേകമായ ഒരു യോഗം വിളിച്ചുചേർത്ത് ഇക്കാര്യങ്ങളൊക്കെ ചർച്ച ചെയ്ത് തീരുമാനമെടുത്ത് അത് നടപ്പാക്കാമെന്ന് ആലോചിച്ചതുമാണ്. അതിനുശേഷം ഞങ്ങൾ രണ്ടുപേരും പങ്കെടുത്ത പൊതുപരിപാടിയിൽവച്ച് പൊതുജനങ്ങളുടെ ഈ ആവശ്യം പരിഗണിച്ചുകൊണ്ട് പ്രസ്തുത തീരുമാനം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചതുമാണ്. അതിനുശേഷം ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ജൂലായ് 19-ാം തീയതി മന്ത്രിയുടെ ചേംബറിൽ എം.എൽ.എ.-യും മുനിസിപ്പാലിറ്റി ചെയർപേഴ്സണും സെക്രട്ടറിയും മറ്റ് ആളുകളും പ്രത്യേകം യോഗം ചേരുകയും ഇക്കാര്യങ്ങളൊക്കെ ചർച്ചയ്ക്കെടുക്കുകയും അതിനനുസരിച്ച് മന്ത്രിതന്നെ

മുന്നോട്ടുവച്ച ചില നിർദേശങ്ങൾ ഞങ്ങൾ അംഗീകരിക്കുകയും ചെയ്തതാണ്. എന്നാൽ ജൂലൈ 19-ന് അംഗീകരിച്ച തീരുമാനം നടപ്പാക്കാൻ സാധിക്കാതെ ഇപ്പോഴും നീണ്ടുപോകുന്ന സാഹചര്യമുണ്ട്. അത് എത്രയും വേഗം നടപ്പാക്കണം. കേരളത്തിൽത്തന്നെ പൊതുജനങ്ങളുടെ കായികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മറ്റൊരു സ്റ്റേഡിയമുണ്ടാകില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലത്തിലുൾപ്പെട്ട താനൂർ ഉപജില്ലയിലെ കുട്ടികൾ കായിക മത്സരത്തിനുവേണ്ടി ഉപയോഗിക്കുന്നത് തിരൂർ സ്റ്റേഡിയമാണ്. ഈ സ്റ്റേഡിയം ആ ഉപജില്ലയ്ക്ക് പുറത്താണ്. സമീപത്തുള്ള സ്കൂളുകൾ, കോളേജുകൾ, കേരളോത്സവം, മറ്റ് ക്ലബ്ബുകൾ എന്നിവയുടെ കായികാവശ്യങ്ങൾക്ക് ഈ സ്റ്റേഡിയമാണ് ഉപയോഗിക്കുന്നത്. പ്രഭാത സവാരിക്ക് സ്ത്രീകളുൾപ്പെടെ ആയിരത്തോളം ആളുകൾ നിത്യേന ഈ സ്റ്റേഡിയം ഉപയോഗിക്കുന്ന സാഹചര്യമുണ്ട്. ഇതിനൊന്നിനും തടസ്സമില്ലാതെ പൊതുജനങ്ങൾക്ക് കായികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ ഈ വ്യവസ്ഥയിൽ മാറ്റമുണ്ടാക്കി മന്ത്രിയുടെ ചേംബറിലെടുത്ത

തീരുമാനം നടപ്പാക്കാനുള്ള സംവിധാനമുണ്ടാകണമെന്ന് അഭ്യർഥിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട തിരൂർ എം.എൽ.എ.-യുടെ സബ്മിഷൻ വളരെ പ്രസക്തമാണ്. കേരളത്തിൽ കായിക വകുപ്പ് കളിക്കളങ്ങൾ നിർമ്മിക്കുന്നത് ജനങ്ങളുടെ കായികക്ഷമത ഉറപ്പുവരുത്താൻ വേണ്ടിയാണ്. 05-05-2018-ലെ സർക്കാർ ഉത്തരവുപ്രകാരം തിരൂർ രാജീവ് ഗാന്ധി സ്റ്റേഡിയം നിർമ്മിക്കാൻ പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 28-06-2019-ൽ കിഫ്ബിയിൽനിന്നും **7.5** കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. കിറ്റ്കോ എസ്.പി.വി. ആയിരുന്ന പദ്ധതിയുടെ എസ്.പി.വി.-യായി 14-10-2022-ൽ സ്പോട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി. നിർമ്മാണപ്രവൃത്തി തുടങ്ങാൻ കായിക യുവജന കാര്യാലയവും തിരൂർ മുനിസിപ്പാലിറ്റിയും MoU ഒപ്പുവയ്ക്കേണ്ടതുണ്ട്. ഇതുപ്രകാരം സർക്കാർ അംഗീകൃത MoU-യുടെ കരട് 03-08-2022-ന് മുനിസിപ്പാലിറ്റിക്ക് അയച്ചുകൊടുത്തിരുന്നു. ഇതുസംബന്ധിച്ച് വിളിച്ചു ചേർത്ത

യോഗങ്ങളിൽ മുനിസിപ്പാലിറ്റി MoU ഒപ്പിടാൻ സന്നദ്ധത അറിയിച്ചതുമാണ്. മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് പ്രതികരണം ലഭ്യമാകാത്തതിനെ തുടർന്ന് 11-11-2022, 17-01-2023, 03-04-2023 എന്നീ തീയതികളിൽ മുനിസിപ്പൽ സെക്രട്ടറിക്ക് കത്തുകൾ അയച്ചു. പ്രസ്തുത വിഷയം 03-03-2023, 16-06-2023 എന്നീ തീയതികളിൽ കിഫ്ബിയിൽ ചേർന്ന യോഗങ്ങളിൽ ചർച്ച ചെയ്യുകയുമുണ്ടായി. ടി യോഗങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ. പങ്കെടുത്തതുമാണ്. തുടർന്ന് MoU-ലെ ചില വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടു. 12-09-2023-ൽ മുനിസിപ്പാലിറ്റി മാറ്റം വരുത്തി സമർപ്പിച്ച MoU-ൽ സർക്കാർ അംഗീകൃത ധാരണാപത്രത്തിലെ അടിസ്ഥാന നിലപാടുകൾക്ക് വിരുദ്ധമായ നിരവധി കാര്യങ്ങൾ ഉണ്ടായിരുന്നു. വകുപ്പിന്റെ അധികാരം പരിമിതപ്പെടുത്തിയും മുനിസിപ്പാലിറ്റിയെ അന്തിമ അധികാരിയായി നിശ്ചയിക്കുന്ന രീതിയിലുമായിരുന്നു മാറ്റങ്ങൾ. കിഫ്ബി പദ്ധതി പ്രകാരമുള്ള പഞ്ചായത്ത്/മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിന് നിശ്ചിത ഫോർമാറ്റിലുള്ള ധാരണാപത്രം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം

ഫീൽഡ് ഓഫ് പ്ലേയുടെ അധികാരം ഒന്നാം കക്ഷിയായ കായിക-യുവജനകാര്യ ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്. ഫീൽഡ് ഓഫ് പ്ലേയെന്നാൽ, സ്റ്റേഡിയത്തിന്റെ പൂർണ്ണമായ അധികാരം/ഉടമസ്ഥത എന്നതല്ല. പ്രസ്തുത തുക ഉപയോഗിച്ച് നിർമ്മിക്കുന്ന കളിക്കളത്തിന്റെ കളിക്കുന്ന ഭാഗമെന്നതാണ്. ഇക്കാര്യത്തിലാണ് മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥർക്ക് സംശയമുണ്ടായത്. നിർമ്മിക്കുന്ന ഘടകങ്ങളുടെ തുടർനടത്തിപ്പും പരിപാലനവും ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി മുഖേനയാണ് നടപ്പാക്കേണ്ടത്. അപ്രകാരം ചെയ്യാത്ത സാഹചര്യത്തിൽ മാത്രമാണ് ഒന്നാം കക്ഷിയായ കായിക ഡയറക്ടർ കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്. ഇക്കാര്യം വളരെ പ്രധാനമാണ്. മുനിസിപ്പാലിറ്റി മാറ്റം വരുത്തിയ MoU-ൽ ഫീൽഡ് ഓഫ് പ്ലേയുടെ അധികാരം രണ്ടാം കക്ഷിയായ മുനിസിപ്പാലിറ്റിക്ക് ആയിരിക്കുമെന്നും നടത്തിപ്പും പരിപാലനവും ചുമതലയുള്ള ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി, അക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ മുനിസിപ്പൽ കൗൺസിലിന്റെ അനുമതിയോടുകൂടി മാത്രമേ ഒന്നാം കക്ഷിക്ക് ഫീൽഡ് ഓഫ് പ്ലേ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. മത്സരങ്ങൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാൻ ഒന്നാം കക്ഷിയും രണ്ടാം കക്ഷിയും

മുൻകാല അനുമതി വാങ്ങണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ധാരണാപത്രത്തിന്റെ പ്രസക്തി ഇല്ലാതാക്കുന്നതാണ്. നിലവിലെ സർക്കാർ തീരുമാനപ്രകാരം പ്രസ്തുത മാറ്റങ്ങൾ പ്രായോഗികമല്ലെന്ന് കായിക ഡയറക്ടർ റിപ്പോർട്ടി നൽകി. എം.എൽ.എ. ഫണ്ട് ഉൾപ്പെടെ 5 കോടിയോളം രൂപ ചെലവഴിച്ച് തിരൂർ സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക് നിർമ്മാണമടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതാണ്. എന്നാൽ ഇതെല്ലാം പരിപാലിക്കുന്നതിൽ കടുത്ത വീഴ്ചയാണ് മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്നുണ്ടായത്. ടി സാഹചര്യത്തിൽ കൃത്യമായ വ്യവസ്ഥകളോടുകൂടി മാത്രമേ കൂടുതൽ തുക വിനിയോഗിക്കാൻ കഴിയൂ. നഗരസഭ ഇതുവരെ ധാരണാപത്രം ഒപ്പിടാൻ തയ്യാറായിട്ടില്ല. സാങ്കേതിക കാരണങ്ങളാൽ കുടുങ്ങിക്കിടക്കുന്ന കിഫ്ബി പദ്ധതികളുടെ തുക, കായികമേഖലയിലെ മറ്റ് അടിസ്ഥാന സൗകര്യ പ്രവൃത്തികൾക്ക് വിനിയോഗിക്കാൻ 19-09-2023-ൽ മന്ത്രിതലത്തിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. നഗരസഭ ധാരണാപത്രത്തിൽ ഒപ്പിടാൻ സന്നദ്ധമാണെന്ന് കായിക ഡയറക്ടറെ അറിയിക്കാൻ തയ്യാറാകുകയാണെങ്കിൽ പദ്ധതി നടപ്പാക്കാൻ കഴിയും. ഇക്കാര്യത്തിൽ

കാലതാമസമുണ്ടായാൽ 19-09-2023-ലെ യോഗ തീരുമാനപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുന്നു.